ഹയർസെക്കണ്ടറി വിദ്യാഭ്യാസ

ഡയറക്ടറുടെ കാര്യാലയം

ഹൗസിങ് ബോർഡ് ബിൽഡിംഗ്

തിരുവനന്തപുരം-1

നംബർ. **ICT Cell/1771/1/HSE**/2017 11/08/2017

# സർക്കുലർ

**വിഷയം: പ്ലസ്‌വൺ ജില്ല / ജില്ലാന്തര സ്കൂൾ/കോമ്പിനേഷൻ ട്രാൻസ്ഫറിനായുള്ള പുതുക്കിയ വേക്കൻസി പ്രസിദ്ധീകരണം, അപേക്ഷ സമർപ്പണം സംബന്ധിച്ച് : നിർദ്ദേശങ്ങൾ.**

**സൂചന: 1) ഇതേ നമ്പറിൽ ജൂലൈ 26 ,31 ആഗസ്റ്റ് 3 തീയതികളിലെ സർക്കുലറുകൾ**

**2) സ.ഉ(കൈ)നം.90/2017/പൊവി തീയതി 08/08/2017**

രണ്ടാം സപ്ലിമെൻററി അലോട്ട്മെൻറിനുശേഷമുള്ള വേക്കൻസി ജില്ല / ജില്ലാന്തര സ്കൂൾ/കോമ്പിനേഷൻ ട്രാൻസ്ഫർ അലോട്ട്മെൻറിനായി ആഗസ്റ്റ് 1 ന് പ്രസിദ്ധീകരിച്ച് ആഗസ്റ്റ് 4 വരെ ഏകജാലക സംവിധാനത്തിൽ മെരിറ്റ് ക്വാട്ടയിലോ , സ്പോർട്സ് ക്വാട്ടയിലോ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് ഒന്നാം ഓപ്ഷനിലാണ് പ്രവേശനം നേടിയതെങ്കിൽ പോലും ട്രാൻസ്ഫറിന് അപേക്ഷിക്കാൻ അവസരം നൽകിയിരുന്നു. തിരുവനന്തപുരം.കൊല്ലം,തൃശ്ശൂർ, പാലക്കാട്, കോഴിക്കോട് ,മലപ്പുറം, വയനാട് ,കണ്ണൂർ, കാസറഗോഡ് എന്നീ 9 ജില്ലകളിലെ അടിസ്ഥാന സൗകര്യമുള്ള സർക്കാർ / എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിൽ സൂചന 2 സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി 10% സീറ്റു വർദ്ധനവ് കൂടി അനുവദിച്ച് ഉത്തരവായതിൻെറ അടിസ്ഥാനത്തിൽ പ്രസ്തുത ജില്ലകളിൽ നിന്നും അടിസ്ഥാന സൗകര്യമുള്ള **180** സ്കൂളുകൾ 10% മാർജിനൽ സീറ്റ് വർദ്ധനവ് ആവശ്യപ്പെട്ടതിലൂടെ ലഭ്യമായ **2940** സീറ്റുകൾ കൂടി ഉൾപ്പെടുത്തി വേക്കൻസി പുന:പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പുതുക്കി പ്രസിദ്ധീകരിച്ചിട്ടുള്ള വേക്കൻസിയും കൂടി പരിഗണിച്ച് ആഗസ്റ്റ് 4 വരെ സ്കൂൾ/കോമ്പിനേഷൻ ട്രാൻസ്ഫറിന് അപേക്ഷിച്ചവർക്ക് ആവശ്യമെങ്കിൽ പുതിയ ഓപ്ഷനുകൾ ചേർക്കുകയോ പുന:ക്രമീകരിക്കുകയോ ചെയ്യുന്നതിന് പ്രിൻസിപ്പാളിന് അപേക്ഷ നൽകാവുന്നതാണ്. ആഗസ്റ്റ് 4 വരെ അപേക്ഷ നൽകിയിട്ടില്ലാത്തവർക്കും ആവശ്യമെങ്കിൽ സ്കൂൾ / കോമ്പിനേഷൻ ട്രാൻസ്ഫറിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്. **ജില്ലയ്ക്കകത്തോ / മറ്റ് ജില്ലയിലേക്കൊ സ്കൂൾ മാറ്റത്തിനോ , കോമ്പിനേഷൻ മാറ്റത്തോടെയുള്ള സ്കൂൾ മാറ്റത്തിനോ നിശ്ചിത മാതൃകയിലുള്ള അപേക്ഷ**

**അഡ്മിഷൻ നേടിയ സ്കൂളിൽ ആഗസ്റ്റ് 14 ഉച്ചക്ക് 2 മണിക്കുള്ളിൽ സമർപ്പിക്കാവുന്നതാണ്.**

ട്രാൻസ്ഫറിന് ലഭിക്കുന്ന അപേക്ഷകളുടെ ഡാറ്റ എൻട്രി / ഓപ്ഷൻ പുന:ക്രമീകരണം HITC യൂസറിലൂള്ള School/Combination Transfer Entry ലിങ്കിലൂടെ **ആഗസ്റ്റ് 14 ന് വൈകിട്ട് 4 മണിക്കുള്ളിൽ പൂർത്തിയാക്കാൻ എല്ലാ പ്രിൻസിപ്പൽമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.**

ട്രാൻസ്ഫർ അലോട്ട്മെൻറ് റിസൾട്ട് ആഗസ്റ്റ് 16 ന് പ്രസിദ്ധീകരിക്കുന്നതാണ്. ട്രാൻസ്ഫറിനു ശേഷമുള്ള വേക്കൻസി മൂന്നാം സപ്ലിമെൻററി അലോട്ട്മെൻറിനായി ആഗസ്റ്റ് 16 ന് പ്രസിദ്ധീകരിക്കുന്നതാണ്. മൂന്നാം സപ്ലിമെൻററി അലോട്ട്മെൻറിനായുള്ള അപേക്ഷാ സ്വീകരണത്തെ സംബന്ധിച്ചുള്ള കൂടുതൽ നിർദ്ദേശങ്ങൾ പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

**ഏതെങ്കിലും തരത്തിലുള്ള പ്രാദേശിക അവധി ഉണ്ടാവുകയാണെങ്കിൽപ്പോലും പ്രവേശന നടപടികൾ തടസപ്പെടാതിരിക്കാൻ വേണ്ട ക്രമീകരണങ്ങൾ അതത് പ്രിൻസിപ്പൾമാർ സ്വീകരിക്കേണ്ടതാണ്.**

**ഡയറക്ടർ–ഇൻ–ചാർജ്ജ്**